# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:700** **04/11/2016-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യബന്ധന വികസന പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.വി. ജോയി<br>ശ്രീ.എം. മുകേഷ് | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യബന്ധനത്തിന്റെ വികസനത്തിനായി ദേശീയ മത്സ്യ വികസന ബോർഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | ബി) മത്സ്യോല്പാദനവും മത്സ്യലഭ്യതയും ഉറപ്പ് വരുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി 2016-17 വർഷം മുതൽ കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന നീലവിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി 6 പ്രൊപ്പോസലുകൾ (1. പുതിയകുളങ്ങളുടെ/ ടാങ്കുകളുടെ നിർമ്മാണം, 2. മത്സ്യകുളങ്ങളുടെ പുനരുദ്ധാരണം, 3. സമുദ്രജലത്തിലെ കൂടുകൃഷി, 4. ഓരുജലത്തിലെ കൂടുകൃഷി, 5. മത്സ്യകർഷകർക്കുളള പരിശീലനം, 6. മത്സ്യമാർക്കറ്റ്) ദേശിയ മത്സ്യവികസന ബോർഡിന്റെ ശുപാർശയോടുകൂടി കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഉൾനാടൻ ഫിഷറീസ്, മാരികൾച്ചർ എന്നീ മേഖലകളെല്ലാം ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. അൻപതു ശതമാനം കേന്ദ്രവിഹിതമായിട്ടുളള ടി പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഉൾനാടൻ മേഖലയിലെ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ഉൾനാടൻ ജില്ലകളായ കോട്ടയം, പത്തനംതിട്ട, ഇടുക്കി, വയനാട്, പാലക്കാട് എന്നിവിടങ്ങളിൽ 13 മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതും പദ്ധതിയുടെ ലക്ഷ്യത്തിൽപ്പെടുന്നു. ഇതിനുപുറമെ നിലവിൽ പദ്ധതി പ്രവർത്തനങ്ങൾ നടക്കാത്ത ജില്ലകളിലും ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| സി) പ്രസ്തുത പദ്ധതിയുടെ കേന്ദ്ര വിഹിതം എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;<br>ഡി) ഇതിന്റെ സംസ്ഥാന വിഹിതമായി എത്ര | സി) യും ഡി) യും നീലവിപ്ലവ പദ്ധതിയുടെ കേന്ദ്രവിഹിതം 1298.10 ലക്ഷം രൂപയും 2016-17 വർഷത്തെ സംസ്ഥാന വിഹിതം 200 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുളളത്. ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ |

| | |
|---|---|
| രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്ഥാപിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 41 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി ദേശീയ മത്സ്യ വികസന ബോർഡിന്റെ അംഗീകാരം ലഭിച്ചു. ഇതിൽ 39 മത്സ്യമാർക്കറ്റുകൾക്ക് ഭരണാനുമതി നൽകിയിട്ടു ണ്ട്. പ്രസ്തുത 41 മത്സ്യമാർക്കറ്റുകൾക്കായി ആകെ 7709.504 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 6433.007 ലക്ഷം രൂപ ദേശീയ മത്സ്യ വികസന ബോർഡ് വിഹിതവും 1276.497 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്. |

**സെക്ഷൻ ആഫീസർ**